# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടവന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA-PKD.19/1892/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/11/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD.19/1892/22 തീയ്യതി: 29/11/2022

## പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-09-2021 മുതൽ 22-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശശിഭൂഷൻ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 23-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി.രമാദേവി.കെ.ആർ, സീനി.ഗ്രേഡ് ഓഡിറ്റർ(29-8-2022 മുതൽ 31-8-2022 വരെ)
ശ്രീ.ജിജീഷ്.എ.കെ, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഗീത.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.കെ.എസ്.സക്കീർ ഹുസൈൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ബി.ശ്രീകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| | | 16-04-2021 | 05-05-2021 |
| ശ്രീ.അൻസാരി.എസ് | സെക്രട്ടറി | 07-04-2021 | 15-04-2021 |
| ശ്രീമതി.ജയശ്രീ നായിക്.പി | സെക്രട്ടറി | 06-05-2021 | 24-09-2021 |
| | | 01-11-2021 | 26-12-2021 |
| ശ്രീ.അനിൽകുമാർ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-09-2021 | 31-10-2021 |
| | | 27-12-2021 | 02-01-2022 |
| ശ്രീമതി.അനുപമ.എ | സെക്രട്ടറി | 03-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ബി.ശ്രീകുമാർ | അസി.സെക്രട്ടറി | 01-04-2021 | 31-05-2021 |
| (ഒഴിവ്) | അസി.സെക്രട്ടറി | 01-06-2021 | 28-06-2021 |
| ശ്രീ.അനിൽകുമാർ.എസ് | അസി.സെക്രട്ടറി | 29-06-2021 | 31-03-2022 |
| ശ്രീ.ബഷീർഅഹമ്മദ്.എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രമീള.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഉണ്ണി.കെ.എസ് | അസി.എഞ്ചിനിയർ | 01-04-2021 | 30-07-2021 |
| | | 04-02-2022 | 31-03-2022 |
| ശ്രീ.കൃഷ്ണനുണ്ണി.കെ.സി | അസി.എഞ്ചിനിയർ | 01-08-2021 | 15-12-2021 |
| ശ്രീമതി.ശരണ്യ.വി.പി | അസി.എഞ്ചിനിയർ | 16-12-2021 | 03-02-2022 |
| ഡോ.ഷെഹന.എസ്.ആർ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.സുബാഷ് സുബിൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ.ഷാജി.കെ. | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ഡോ.സതി.കെ.ബി. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷീല.ടി.ജി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 17-06-2021 |
| സുരേഷ് കുമാർ. എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 18-06-2021 | 31-07-2021 |
| ശ്രീമതി.ഷീല.ടി.ജി. | ഡയറി എക്സ്റ്റൻഷൻ | 01-08-2021 | 03-10-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| അഫസ. എം.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 04-10-2021 | 26-11-2021 |
| ശ്രീ. സുദർശനൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-11-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം- മാർഗ്ഗനിർദേശങ്ങൾ പാലിച്ചിട്ടില്ല | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | കാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല | 1-11 |
| 14 | വസ്തു നികുതി - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ | 1-12 |
| 15 | ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു | 1-12-1 |
| 16 | ഫ്രണ്ട്സ് ഭവൻ - കല്യാണ മണ്ഡപത്തിന്റെ നിർമ്മാണം ക്രമവത്ക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-12-2 |
| 17 | വസ്തുനികുതിയിന്മേലുള്ള സേവന ഉപനികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യത പരിശോധിക്കുന്നില്ല | 1-12-3 |
| 18 | നിയമാനുസൃതമല്ലാത്ത എല്ലാ കെട്ടിടങ്ങളുടേയും വിവരം സഞ്ചയ ഡാറ്റയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-13 |
| 19 | തെരുവ് വിളക്ക് വാങ്ങൽ പദ്ധതി- GeM ൽ ലഭ്യമാണെന്ന് ഉറപ്പാക്കാതെയും ടെണ്ടർ ഒഴിവാക്കിയും നേരിട്ട് വാങ്ങൽ നടത്തി | 1-14 |
| 20 | എം.സി.എഫ് നിർമാണം പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് | 1-15 |
| 21 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ് | 1-16 |
| 22 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവർത്തന ചെലവുകൾക്ക് വികസന ഫണ്ട് വകമാറ്റി | 1-17 |
| 23 | ഊട്ടറ വാതക ശ്മശാനം - പൂർത്തീകരണം അനന്തമായി നീളുന്നു | 1-18 |
| 24 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അലമാര വാങ്ങൽ -SIDCO യ്ക്ക് | 1-19 |

| | | |
|---|---|---|
| | അനുവദനീയമായതിലും അധികം തുക അനുവദിച്ചു | |
| 25 | എസ്.എസ്.എ/എസ്.എസ്.കെ - പഞ്ചായത്ത് വിഹിതം അനുവദിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-20 |
| 26 | പി.എം.എ.വൈ - പഞ്ചായത്ത് വിഹിതം അനുവദിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-21 |
| 27 | എസ്.സി കുടുംബനാഥകൾക്ക് വാട്ടർടാങ്ക് വിതരണം-കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിനെ ഒഴിവാക്കിയതിനെ സാധൂകരിക്കുന്ന രേഖകൾ ഇല്ല | 1-22 |
| 28 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി-ടി.ഡി.എസ് നടത്തിയില്ല | 1-23 |
| 29 | ആയുർവ്വേദ മരുന്ന് വാങ്ങൽ | 1-24 |
| 30 | വൃദ്ധർക്ക് കട്ടിൽ (SCP)- ജി എസ് ടി-ടി ഡി എസ് ചെയ്തില്ല | 1-25 |
| 31 | ലൈഫ് മിഷൻ- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-26 |
| 32 | ലൈഫ് മിഷൻ(ജനറൽ)- ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ | 1-26-1 |
| 33 | ലൈഫ് മിഷൻ(SCP)- ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ | 1-26-2 |
| 34 | മേൽപ്പുര റിപ്പയർ - പദ്ധതി ആസൂത്രണം, നടത്തിപ്പ് - അപാകങ്ങൾ | 1-27 |
| 35 | ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നില്ല | 1-27-1 |
| 36 | മേൽപ്പുര റിപ്പയർ - മുഴുവൻ തുക നൽകിയിട്ടില്ല | 1-27-2 |
| 37 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ | 1-28 |
| 38 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും PWD മാനുൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-29 |
| 39 | സ്ഥല ലഭ്യത ഉറപ്പാക്കാതെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനാൽ പ്രവൃത്തി പൂർത്തീകരണം വൈകുന്നു | 1-30 |
| 40 | ടാർ ബാരലുകളുടെ വിലയോടൊപ്പം ഈടാക്കിയ ജി.എസ്.ടി ഒടുക്കിയില്ല | 1-31 |
| 41 | തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-32 |
| 42 | എം.എൻ.ആർ.ഇ.ജി.എസ്-സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരന്റെ ബില്ലുകളിൽ നിന്നും ജി എസ് ടി-ടി ഡി എസ് നടത്തിയില്ല | 1-32-1 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അലമാര വാങ്ങൽ -SIDCO യ്ക്ക് അനുവദനീയമായതിലും അധികം തുക അനുവദിച്ചു – 36715 രൂപ നഷ്ടമായി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

20-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 56,70,549 |
| തൻവർഷം വരവ് | 22,36,87,719 |
| ആകെ വരവ് | 22,93,58,268 |
| ചെലവ് | 22,83,98,500 |
| നീക്കിയിരിപ്പ് | 9,59,768 |

08-03-2022 ലെ തീരുമാനം നം. 1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31-7-2022 | 13-05-2022 | - | - |

## 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. ഏതാനും ഇനങ്ങളുടെ അഡ്വാൻസ് രജിസ്റ്ററിലേയും വാർഷിക ധനകാര്യ പത്രികയിലേയും നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് കോഡ് | ഹെഡ് ഓഫ് അക്കൗണ്ട് | അക്കൗണ്ട് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|---|
| 460500501 | Advance To Implementing Officer | 391457 | 617933 |
| 460100103 | Temporary Advance For Official Purpose | 250052 | 32045 |
| 460509901 | Advance To Other | 150275 | 141806 |

2. 30-3-22 ന് 'ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം' എന്ന പ്രവൃത്തിയുടെ റീടൻഷൻ തുകയായ 17552

രൂപ CFC Tied ൽ നിന്നും നൽകുന്നതിനു പകരം CFC Untied Grant ൽ നൽകിയിട്ടുണ്ട്. ആയതിനാൽ യഥാർത്ഥ നീക്കിയിരിപ്പ് 769434 എന്നതിനു പകരം 786986 എന്നാണ് വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത്.
3. സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുകകളിൽ വിനിയോഗിക്കാത്ത തുകകൾ തിരിച്ചടച്ചിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7550985 |
| വരവ് | 60689536 |
| ആകെ | 68240521 |
| ചെലവ് | 57625097 |
| നീക്കിയിരിപ്പ് | 10615424 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 8176106 | 8176106 | 8164513 | 11593 |
| വികസനഫണ്ട് -എസ്.സി.പി | 0 | 10084960 | 10084960 | 6405736 | 3679224 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 16830000 | 16830000 | 8335888 | 8494112 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4853319 | 4853319 | 4825746 | 27573 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 0 | 1996606 (*) | 1996606 | 1209620 | 786986 (**) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 975000 | 975000 | 975000 | 0 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഗ്രാന്റ്-New | 0 | 2937000 | 2937000 | 1100771 | 1836229 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഗ്രാന്റ്- Spillover | 0 | 743760 | 743760 | 743760 | 0 |

(*) CFC-Untied Grant -യഥാർത്ഥ വരവ് - 1958000 രൂപ + പലിശ – 38606 രൂപ

(**) 30-3-22 ന് 'ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം' എന്ന പ്രവൃത്തിയുടെ റീടൻഷൻ തുകയായ 17552 രൂപ CFC Tied ൽ നിന്നും നൽകുന്നതിനു പകരം CFC Untied Grant ൽ നൽകിയിട്ടുണ്ട്. ആയതിനാൽ യഥാർത്ഥ നീക്കിയിരിപ്പ് 769434 എന്നതിനു പകരം 786986 എന്നാണ് വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

എ)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 1018642 | 621245 | 1639887 | 1117126 | 522761 |
| Sanitation | 2068701 | 130000 | 2198701 | 885249 | 1313452 |

ബി) തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 42078 | 862835 | 904913 | 903383 | 1530 |
| തൊഴിലാളികളുടെ വേതനം | 0 | 32167042 | 32167042 | 32167042 | 0 |
| ആകെ | 42078 | 33029877 | 33071955 | 33070425 | 1530 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 160000 | 340000 | 500000 | 400000 | 100000 |

1-4-1 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം- മാർഗ്ഗനിർദേശങ്ങൾ പാലിച്ചിട്ടില്ല

ഓഡിറ്റ് വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റിൽ(നോൺ റോഡ്) നിന്നുള്ള ചെലവുകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ജി.ഒ(എംഎസ്)നം.330/2004/LSGD തിയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ച മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണത്തിനാണ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. ആവശ്യമെങ്കിൽ, ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ പത്ത് ശതമാനം തുക പൊതു ആവശ്യ ഗ്രാന്റ് എന്നതു പോലെ ചെലവഴിക്കാവുന്നതാണ്.

സർക്കുലർ നം. 75326/FM.1/2007/ത.സ്വ.ഭ.വ 30.1.2008 ൽ ഗ്രാന്റ് വിനിയോഗത്തിനുള്ള നിയന്ത്രണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റ് റോഡ്, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ ആകെ 21683319/- (16830000+ 4853319) രൂപയാണ് അലോട്ട്മെന്റ്.

| ചെലവിനം | വിനിയോഗിച്ച തുക |
|---|---|
| മരുന്ന് വാങ്ങൽ | 2343214 |
| കുടിവെള്ള പദ്ധതിയുടെ വാട്ടർചാർജ്, വൈദ്യുതി ചാർജ് | 815928 |
| കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ഫോൺ ചാർജ്, വൈദ്യുതി ചാർജ് മറ്റ് ചെലവുകൾ | 208372 |
| ആകെ | 3367514 |

ആകെ മെയിന്റനൻസ് ഗ്രാന്റിന്റെ 15 ശതമാനമാണ് പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ്. 1199183/- രൂപ അനുവദനീയമായതിലും അധികം വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച പ്രധാന നിബന്ധനകളിലൊന്ന് തുക വകമാറ്റി ചെലവഴിക്കരുതെന്നാണ്. മാർഗ്ഗനിർദേശം പാലിക്കാതെ തുക വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം 11-28/08/2022 ന് മറുപടി ലഭ്യമാക്കിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 96665571 | 117 | 42703142 | - | 0 | 76 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 10276243 | 7042014 | 69 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 1121000 | 700700 | 63 |
| മെഡിക്കൽ ഓഫീ | 7 | 7 | 1608987 | 1190625 | 74 |

| | | | | | |
|---|---|---|---|---|---|
| സർ-PHC | | | | | |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 5 | 1800000 | 1800000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 3053305 | 1197730 | 39 |
| വി.ഇ.ഒ | 6 | 6 | 34458775 | 5709700 | 17 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 5026139 | 4902859 | 98 |
| സെക്രട്ടറി | 39 | 30 | 14215462 | 7971386 | 56 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 72 | 48 | 24605660 | 11988128 | 49 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 500000 | 200000 | 40 |
| ആകെ | 153 | 117 | 96665571 | 42703142 | 44 |

## 1-6 തൊഴിലുറപ്പ് പദ്ധതി

എം.എൻ.ആർ.ഇ.ജി. എസ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 42078 | 862835 | 904913 | 903383 | 1530 |
| തൊഴിലാളികളുടെ വേതനം | 0 | 32167042 | 32167042 | 32167042 | 0 |
| ആകെ | 42078 | 33029877 | 33071955 | 33070425 | 1530 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 5242700 | 361 |
| 3 | വിധവാ പെൻഷൻ | 13380000 | 889 |
| 4 | വാർദ്ധക്യകാല പെൻഷൻ | 19523700 | 1474 |
| 5 | വികലാംഗ പെൻഷൻ | 3075300 | 199 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 839600 | 57 |

## 1-8 കാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-08-2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 11814/-രൂപയും വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം പൊതുവെ കുറവുള്ള പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.
മുൻകൂർ രജിസ്റ്ററിലെ നീക്കിയിരിപ്പ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
സി.എഫ്.സി ഫണ്ട്, വികസന ഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് എന്നിവ വകമാറ്റി ചെലവഴിക്കുന്നതിനുള്ള പ്രവണത നിലവിലുണ്ട്.

സംയുക്ത പ്രോജക്റ്റിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുക വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിച്ചിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്.
സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.
ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ജനുവർ 2016 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2011-12 മുതൽ 2014-15 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാനില്ല.
പെർഫോമൻസ് ഓഡിറ്റ് ജൂലൈ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-11 സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പതു ദിവസത്തിനുള്ളിൽ പട്ടിക-II പ്രകാരമുള്ള ഫീസ് ഈടാക്കി അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കി നൽകുന്നതിനായി ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം 2/26-08-2022 ന് മറുപടിയായി സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നല്കുന്ന സന്ദർഭങ്ങളിൽ ചട്ടപ്രകാരം തയ്യാറാക്കിയ സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചതിനു ശേഷം മാത്രം ഭാവിയിൽ ലൈസൻസ് അനുവദിക്കുകയുള്ളു എന്ന് അറിയിച്ചിട്ടുണ്ട്.

സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - രേഖകളുടെ പരിശോധനയിലെ കണ്ടെത്തലുകൾ

വസ്തു നികുതി ഡാറ്റയുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-12-1 ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടും ഡാറ്റയിലെ തെറ്റുകൾ തുടരുന്നു

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്നതിന് പകരം 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന് തെറ്റായി

രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നതിനിടയാക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉപയോഗ ക്രമം | വിസ്തീർണ്ണം (ച.മീ) | സെക്രട്ടറി അപ്രൂവ് ചെയ്ത തീയതി | പരിമിത പ്പെടുത്തിയ വസ്തുനികുതി |
|---|---|---|---|---|---|
| 1 | 2/113 | ഗോഡൗൺ | 110 | 24.07.2014 | 641 |
| 2 | 2/261 | ഗോഡൗൺ | 220 | 25.10.2018 | 517 |
| 3 | 3/44 | ഗോഡൗൺ | 150 | 9.11.2018 | 47 |
| 4 | 3/45 | ഗോഡൗൺ | 150 | 9.11.2018 | 91 |
| 5 | 8/180 | ഗോഡൗൺ | 280 | 27.10.18 | 1170 |
| 6 | 8/337 | ഗോഡൗൺ | 235 | 6.05.2022 | 3062 |
| 7 | 13/79 | ഷോപ്പ് | 150 | 1.12.2018 | 171 |

ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും മേൽ അപാകതകൾ തുടരുന്നതിന് കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് അന്വേഷണം 5/27-08-2022 ന് ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പണാകുന്ന സമയത്ത് മേൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തിലുള്ള വ്യത്യാസം സഞ്ചയയിൽ തിരുത്തൽ വരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-12-2 ഫ്രണ്ട്സ് ഭവൻ - കല്യാണ മണ്ഡപത്തിന്റെ നിർമ്മാണം ക്രമവത്ക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടില്ല

അനധികൃതമായി പ്രവർത്തിക്കുന്ന 'ഫ്രണ്ട്സ് ഭവൻ' എന്ന കല്യാണ മണ്ഡപത്തിന് 12/10-UA എന്ന നമ്പർ അനുവദിച്ചിട്ടുണ്ട്. 1,03,317/- രൂപ വാർഷിക വസ്തുനികുതിയായി നിശ്ചയിച്ച് 2019-20 വർഷം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ. 1-12-3 ൽ അനധികൃത നിർമ്മിതികൾക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. നിലവിലും പ്രസ്തുത കെട്ടിടം അനധികൃതമായി തുടരുകയാണ്. പഞ്ചായത്തിന്റെ പരിസരത്തുള്ള ഈ കെട്ടിടം ക്രമവത്ക്കരിച്ച് വസ്തു നികുതി ഈടാക്കിയിട്ടില്ല.

ഫയൽ നമ്പർ എ 3-803/2019 പരിശോധിച്ചതിൽ റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയായും വസ്തു നികുതി ലഭ്യമായതായി കാണുന്നില്ല. ഈ വിഷയത്തിന്മേൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുള്ള ഓഡിറ്റ് അന്വേഷണം 5/27-08-2022 ന് പ്രസ്തുത കെട്ടിടത്തിന്റെ നികുതി പിരിച്ചെടുക്കുന്നതിന് ആർ.ആർ നടപടികൾ 4-03-2020, 31-03-2022 തീയതികളിൽ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

അനധികൃത കല്യാണ മണ്ഡപത്തിന്റെ നിലവിലെ വസ്തുനികുതി കടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ വകുപ്പിനോട് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാൻ ആവശ്യപ്പെടാവുന്നതാണ്.
കെട്ടിടം ക്രമവത്ക്കരിക്കാത്തപക്ഷം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12-3 വസ്തുനികുതിയിന്മേലുള്ള സേവന ഉപനികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യത പരിശോധിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ

അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയെപ്പറ്റി ഭരണസമിതിക്ക് തീരുമാനമെടുക്കാവുന്നതാണ്. വരുമാനം കുറവുള്ള നിലവിലെ സാഹചര്യത്തിൽ ആയത് പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 5(5)/27-08-22 ന് അടുത്ത ഭരണസമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി തീരുമാനം എടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 നിയമാനുസൃതമല്ലാത്ത എല്ലാ കെട്ടിടങ്ങളുടേയും വിവരം സഞ്ചയ ഡാറ്റയിൽ ഉൾപ്പെടുത്തിയിട്ടില്ല

നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം 11 കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യത്തിനും 4 എണ്ണത്തിന് വാണിജ്യാവശ്യത്തിനും 2 ക്ലബ്ബുകൾക്കും യു.എ നമ്പർ നല്കിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235എഎ(1) പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. നിയമാനുസൃതമല്ലാത്ത താഴെ പറയുന്ന കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര്/ കെട്ടിട നം. | ഉപയോഗ ക്രമം/ വീടിന്റെ തരം | നിർണ്ണയിച്ച നികുതി |
|---|---|---|---|
| 1 | ഗോവിന്ദൻകുട്ടി, കൗണ്ടത്തറ 13/1 (രജിസ്റ്ററിൽ UA എന്ന് രേഖപ്പെടുത്തിയിട്ടില്ല. പേജ് 1) | പാർപ്പിടം (കോൺക്രീറ്റ് ) | 1701 |
| 2 | തങ്കം ഊട്ടറ (7/ 1/UA) | പാർപ്പിടം ഓല | - |
| 3 | ചന്ദ്രിക, ഊട്ടറ (8/2/UA) | പാർപ്പിടം ഓല | - |
| 4 | ചാമി വടവന്നൂർ(4/1/UA) | പാർപ്പിടം ഷീറ്റ് | 208 |
| 5 | പ്രസിഡന്റ്/സെക്രട്ടറി കേരള കലാ കേന്ദ്ര, ഊട്ടറ 7/5/UA | ക്ലബ് ഷീറ്റ് | 201 |

| | | | |
|---|---|---|---|
| 6 | കവിത കണ്ണദാസ്, വടവന്നൂർ 3/1/UA | പാർപ്പിടം ഷീറ്റ് | 264 |
| 7 | പ്രസിഡന്റ്/സെക്രട്ടറി പുലരി യുവസംഗം ആർട്ട്സ്& സ്പോർസ് ക്ലബ്(5/1/UA) | ഷീറ്റ് | 17 |

1. മേൽ കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 5/27-08-2022 ന് പരാമർശപ്രകാരമുള്ള അനധികൃത കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. യു.എ നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം 5/27-08-2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

31.07.2017 ന് മുൻപ് നടത്തികൊണ്ടിരുന്നതോ, പൂർത്തികരിച്ചതോ ആയ ഏതെങ്കിലും നിർമ്മാണം, വിപുലീകരണം അല്ലെങ്കിൽ പുനർനിർമ്മാണം സെക്രട്ടറിക്ക് ക്രമവത്ക്കരിക്കുവാൻ സാധിക്കാത്തതാണെങ്കിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾ 2018 പ്രകാരം ക്രമവത്കരിക്കാമായിരുന്നു.

3. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ ഓരോ 3 മാസം കൂടുമ്പോഴും ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടെയും ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ ഉൾപ്പെടെയുള്ള വിവരങ്ങൾ സർക്കാറിനെ അറിയിക്കേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വിവരങ്ങൾ സർക്കാരിലേക്ക് അറിയിച്ച കാണുന്നില്ല. (ഓഡിറ്റ് അന്വേഷണം 5/27-08-2022 )

മാസം തോറും കെട്ടിട നമ്പർ, പെർമിറ്റ് എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ട് ഗൂഗിൾ ഷീറ്റിൽ എൻട്രി മേലാഫീസിലേക്ക് അയക്കാറുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്.

അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ചട്ടം 104 പ്രകാരം സർക്കാരിനെ അറിയിക്കേണ്ടതാണ്.

## 1-14 തെരുവ് വിളക്ക് വാങ്ങൽ പദ്ധതി- GeM ൽ ലഭ്യമാണെന്ന് ഉറപ്പാക്കാതെയും ടെണ്ടർ ഒഴിവാക്കിയും നേരിട്ട് വാങ്ങൽ നടത്തി

2021-22 വർഷത്തിൽ തെരുവു വിളക്കുകൾ വാങ്ങുന്നതിനായി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇവ വാങ്ങിയത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വലിലേയും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിച്ചാണോ എന്ന് പരിശോധിക്കുവാനാണ് ലക്ഷ്യമിട്ടത്. പരിശോധനയിലെ കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

കൊല്ലം, United Electricals എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. പുതിയ തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് അംഗീകൃത ഏജൻസിയിൽ നിന്നും നേരിട്ട് വാങ്ങുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്റ്റിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ്-87/22-<br>തെരുവുവിളക്ക് വാങ്ങൽ | അടങ്കൽ-500000<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ്-484600 | നിർവഹണം- സെക്രട്ടറി |
| വൗച്ചർ നം-<br>1) 576/6.12.2021- 371278<br>2) 585/9.12.21- 55684 | ഇൻവോയ്സ് നം.<br>1) 283/28-9-2021- 371278<br>2)393/15.11.2021- 55684 |

| | |
|---|---|
| 3) 840/21.3.22- 57638 | 3)696/19.2.2022-57638 |
| എഗ്രിമെന്റ്- നമ്പർ ഇല്ല, തിയതി 27-09-2021 | United Electrical Industries, Kollam |

ജി.ഒ(പി)നം.719/SPD തിയതി 26.4.2019 പ്രകാരം 2013ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ ഖ. 19.3 ൽ വരുത്തിയ ഭേദഗതി പ്രകാരം 25,000/- രൂപയ്ക്ക് മുകളിലുള്ള (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെയുള്ള) വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Government E Marketplace(GeM) ൽ ലഭ്യമാണെങ്കിൽ നിർബന്ധമായും GeM മുഖേന വാങ്ങേണ്ടതാണ്. GeM ൽ ലഭ്യമാണോ എന്ന പരിശോധിക്കാതെയാണ് തെരുവുവിളക്കുകളും അനുബന്ധ വസ്തുക്കളും United Electrical Industries, Kollam എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളത്.

സാധനങ്ങൾ GeM മുഖേന വാങ്ങാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് അറിയിച്ച് എൻക്വയറി(15/30-8-22) നല്കിയതിന് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് നിർദേശം

തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ നിർദേശപ്രകാരമുള്ള വാങ്ങൽരീതികൾ അവലംബിച്ച് പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന് വ്യക്തിപരമായ ബാധ്യത ഉണ്ടാകുന്നതാണ്.

1-15 എം.സി.എഫ് നിർമാണം പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 1.12.2021 മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും(കുറഞ്ഞത് 2 വാർഡുകൾക്ക് 150 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന സ്ഥിരമായ എം.സി.എഫ് നാളിതുവരെ സജ്ജീകരിച്ചിട്ടില്ല. ഹരിത കർമസേന ശേഖരിച്ച പ്ലാസ്റ്റിക്ക് മാലിന്യം ചാക്കുകളിലാക്കി പഞ്ചായത്ത് കോമ്പൗണ്ടിനകത്തെ താൽകാലിക എം.സി.എഫ് സംവിധാനത്തിലാണ്. ഈ എം.സി.എഫിൽ മതിയായ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടില്ല. സർക്കാർ ഉത്തരവനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല.

2021-22 ൽ എം.സി.എഫ് നിർമാണത്തിനായി താഴെ പറയും പ്രകാരം പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ട്.

74/22-എം.സി.എഫ് സ്ഥാപിക്കൽ

അടങ്കൽ – 25 ലക്ഷം(2000000 രൂപ(കേന്ദ്ര വിഹിതം)+500000(CFC))

തൻവർഷം തുകയൊന്നു ചെലവഴിച്ചിട്ടില്ല.

2022-23 വർഷത്തിൽ സ്പിൽഓവർ പ്രോജക്റ്റ് പ്രകാരമുള്ള പ്രവൃത്തികൾ നടന്നുവരുന്നുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

എം.സി.എഫ് നിർമാണം പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.
നിർമാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.



## 1-16 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്

ഗ്രാമപഞ്ചായത്ത് നടത്തുന്ന ചമ്പക്കുളം കുടിവെള്ള പദ്ധതിയിൽ 111 ഗുണഭോക്താക്കളുണ്ട് . ഓഡിറ്റ് വർഷത്തിൽ പദ്ധതിയുടെ നടത്തിപ്പിനായി പമ്പ് ഓപ്പറേറ്റർക്ക് പ്രതിമാസം 3000 രൂപ നിരക്കിൽ 36000 രൂപ വേതനവും വൈദ്യുതി ചാർജ് 20203 രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ വെള്ളക്കരമിനത്തിൽ കുടിശ്ശികയുൾപ്പടെ 29400 രൂപ മാത്രമാണ് വരവുള്ളത്.
കുടിവെള്ള പദ്ധതിയുടെ വരവിലും അധികം ചെലവുണ്ട്. ഇതു കൂടാതെ വെള്ളക്കരം കുടിശ്ശികയായി 401375 രൂപ പിരിഞ്ഞുകിട്ടാനുണ്ട്(മുൻവർഷങ്ങളിലെ കുടിശ്ശിക 364375 രൂപയും, തൻവർഷ കുടിശ്ശിക 37000 രൂപയും).
സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം പഞ്ചായത്ത് നടത്തുന്ന കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതിക്ക് കൈമാറുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.
വെള്ളക്കരമിനത്തിലെ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്ത് അറിയിക്കേണ്ടതാണ്.
ഇക്കാര്യങ്ങളെക്കുറിച്ച് എൻക്വയറി (നം.21/30-8-2022) നല്കിയതിന് മറുപടി ലഭ്യമായില്ല.

## 1-17 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവർത്തന ചെലവുകൾക്ക് വികസന ഫണ്ട് വകമാറ്റി

പ്രോജക്റ്റ് – 8/22-കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഫോൺ ചാർജ്ജ്, വൈദ്യുതി ചാർജ്ജ്, മറ്റ് അനുബന്ധ ചെലവുകൾ

അടങ്കൽ - 234000 (വികസന ഫണ്ട് - 25000 + MG-Non Road – 209000)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ആകെ ചെലവ് - 222327 (13955 – പ്ലാൻ, 208372 – MG-Non Road)

വിവിധ ഓഫീസുകളുടെ കണ്ടിൻജന്റ് ചെലവുകൾ തനത് ഫണ്ടിൽ നിന്നോ നിശ്ചിത പരിധിക്കു വിധേയമായി മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നോ ചെലവഴിക്കുന്നതിനുപകരം 13955 രൂപ വികസന ഫണ്ടിൽ നിന്നും വക മാറ്റി ചെലവഴിച്ചിട്ടുണ്ട്.

1. ആയുർവേദ ഡിസ്പെൻസറിയിലേക്കുള്ള ചെലവ് - 7583 (ബിൽ നം. 89/18-3-22)
2. GMLPS വാടക- 6372 (ബിൽ നം. 88/17-3-22)

വികസന ഫണ്ടിൽ നിന്നും കണ്ടിൻജന്റ് ചെലവുകൾ നിർവ്വഹിച്ചതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 15/29-8-22 ന് മറുപടി ലഭ്യമായില്ല.

ഉത്പാദനപരമല്ലാത്ത ആവശ്യങ്ങൾക്ക് വകമാറ്റി ചെലവഴിച്ച തുക തനത് ഫണ്ടിൽ നിന്നും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതുവരെ ചെലവ് തുക 13955/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-18 ഊട്ടറ വാതക ശ്മശാനം - പൂർത്തീകരണം അനന്തമായി നീളുന്നു

ഊട്ടറയിലെ വാതക ശ്മശാനം നിർമ്മിക്കുന്നതിനായി തൃശ്ശൂർ കോസ്റ്റ്ഫോർഡ് മുഖേന പദ്ധതി നടപ്പാക്കുന്നതിനായി എഗ്രിമെന്റ് വയ്ക്കുന്നതിന് 24-6-2020 ലെ തീരുമാനം നം. 4/4(13) പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും 30-07-2020 ന് എഗ്രിമെന്റ് ചമയ്ക്കുകയും ചെയ്തിട്ടുണ്ട്.

എഗ്രിമെന്റ് നം. 13/30-7-20

വ്യവസ്ഥ-1 പ്രകാരം പ്രവൃത്തി 'Cost And Energy Effective Materials And Techniques' ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തുക കണക്കാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്.

വ്യവസ്ഥയിലെ ക്രമ നം. 11 പ്രകാരം എഗ്രിമെന്റ് തിയതി മുതൽ ആറു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. വ്യവസ്ഥിലെ ക്രമ നം. 12 ൽ എഗ്രിമെന്റ് പ്രകാരം പ്രവൃത്തി നിർവ്വഹിക്കുന്നതിൽ കാലതാമസം ഉണ്ടായാൽ നിലവിലുള്ള PWD ചട്ടങ്ങൾ പ്രകാരം പിഴ ഒടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കരാർ പ്രകാരം 9-1-2021 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം. 207/21 (102/22)-ഊട്ടറ ശ്മശാനം സ്ഥാപിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
അടങ്കൽ - 65 ലക്ഷം
ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 45 ലക്ഷം
ബ്ലോക്ക് പഞ്ചായത്ത് - 20 ലക്ഷം
2020-21 വർഷത്തിൽ മുൻകൂറായി 20% തുകയായ 13 ലക്ഷം രൂപ(ബ്ലോക്ക് ഷെയർ) അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായ 15% തുക 9.75 രൂപ (സി.എഫ്.സി) അനുവദിച്ചിട്ടുണ്ട്.

(ബിൽ നം. 169/8-12-21)

അക്കൗണ്ട് നം. 57069687503

നാളിതുവരെ ആകെ 22.75 ലക്ഷം രൂപയാണ് കോസ്റ്റ്ഫോർഡിന് അനുവദിച്ചിട്ടുള്ളത്.

ആറുമാസത്തിനകം പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പൂർത്തീകരണ കാലാവധി ഔദ്യോഗികമായി ദീർഘിപ്പിച്ച് നൽകിയിട്ടില്ല. ആവശ്യമായ പിഴയും ഈടാക്കിയിട്ടില്ല.

2012 ലെ കേരള PWD മാനുലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനുശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

ആറുമാസത്തെ കാലാവധിയുള്ള പ്രവൃത്തിയുടെ കാലാവധി രണ്ടു തവണകളായി ദീർഘിപ്പിച്ച് നൽകുന്നതിനും പരമാവധി മൂന്നു മാസം വരെ ദീർഘിപ്പിക്കുന്നതിനുമാണ് വ്യവസ്ഥയുള്ളതെങ്കിലും ഒന്നര

വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

പ്രവൃത്തി പൂർത്തീകരണ തിയതി ദീർഘിപ്പിക്കുന്നതിനായി കോസ്റ്റ്ഫോർഡ് രേഖാമൂലം ആവശ്യപ്പെടുകയോ സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ച് പൂർത്തീകരണ കാലാവധി പുനർ നിശ്ചയിക്കുകയോ PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ഫർണസ് സ്ഥാപിക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

2017 ലെ കേന്ദ്ര-സംസ്ഥാന ജി.എസ്.ടി ആക്ടിലെ സെക്ഷൻ 51(1) പ്രകാരം കോസ്റ്റ് ഫോർഡിന് അനുവദിച്ച രണ്ടു ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല.

ഓഡിറ്റ് അന്വേഷണം നം. 13/29-8-22 ന് രേഖാമൂലം മറുപടി ലഭ്യമായില്ല.

*ഓഡിറ്റ് നിർദ്ദേശങ്ങൾ*

മതിയായ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ച് പ്രവൃത്തി പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

ജി.എസ്.ടി ടി.ഡി.എസ് ഈടാക്കാതിരുന്നാൽ പിഴ ഒടുക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനായതിനാൽ തുടർന്നുള്ള ബില്ലുകളിൽ നിന്നും തുക ക്രമീകരിക്കേണ്ടതാണ്.

പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നതിനായി തുറന്നു നൽകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.





1-19 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അലമാര വാങ്ങൽ -SIDCO യ്ക്ക് അനുവദനീയമായതിലും അധികം തുക അനുവദിച്ചു

പ്രൊ.നം. 7/22-കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അലമാര

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 130000 (എം.ജി-നോൺ റോഡ്)

ചെലവ് - 130000 (ബിൽ നം.32/3-9-2021)

അക്കൗണ്ട് നം. 10396713618 (SIDCO, എറണാകുളം)

SIDCO യിൽ നിന്നും ഫർണീച്ചർ വാങ്ങിയത് സർക്കാർ നിശ്ചയിച്ച നൽകിയതിനേക്കാളും അധിക തുക നൽകിയാണെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ജി.ഒ(ആർടി)നം.26/2015/SPD/തിയതി 28-5-2015 പ്രകാരം നിശ്ചയിച്ച നിരക്കനുസരിച്ച് സിഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുവാനുള്ള കാലാവധി ജി.ഒ(ആർടി)നം.10/ 2021/SPD തിയതി 3-8-2021 പ്രകാരം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 28-5-2015 ലെ ഉത്തരവിലെ അനുബന്ധം-V ൽ ഉൾപ്പെട്ട ഫർണീച്ചറുകൾ വാങ്ങിയപ്പോൾ നിശ്ചിത നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചതായി കണ്ടെത്തി. നാല് ഇനങ്ങളിലായി ആകെ 36715 രൂപ അധികം നൽകിയിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ച തുകയേക്കാൾ അധിക തുക നൽകി സിഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 14/29-8-22 ന് മറുപടി ലഭ്യമായില്ല.

അധികം നൽകിയ തുക സിഡ്കോയിൽ നിന്നും ഈടാക്കുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

*(വിശദാംശങ്ങൾ വ. 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)*

## 1-20 എസ്.എസ്.എ/എസ്.എസ്.കെ - പഞ്ചായത്ത് വിഹിതം അനുവദിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2021-22 വർഷത്തിൽ SSA/SSK വിഹിതമായി കൈമാറിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| പ്രൊജക്ട് നം., പേര് | അടങ്കൽ | കൈമാറിയ തുക | ബിൽ നം./ തിയതി | സ്ഥാപനം |
|---|---|---|---|---|
| 22/22-SSK വിഹിതം നൽകൽ | 448615 (വികസന ഫണ്ട്- ജനറൽ) | 448615 | 75/ 14.2.22 | SSK പാലക്കാട് A/c No. 0812101071939 |
| 137/21-SSK വിഹിതം നൽകൽ | 312350 (വികസന ഫണ്ട്- ജനറൽ) | 312350 | 16/ 16-7-21 | SSK പാലക്കാട് A/c No. 0812101071939 |

തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 7/27-8-22 ന് മറുപടി ലഭ്യമായില്ല.

## 1-21 പി.എം.എ.വൈ - പഞ്ചായത്ത് വിഹിതം അനുവദിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2021-22 വർഷത്തിൽ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| പ്രൊജക്ട് നം., പേര് | അടങ്കൽ | കൈമാറിയ തുക | ബിൽ നം./ തിയതി | സ്ഥാപനം |
|---|---|---|---|---|
| 173/22-PMAY വിഹിതം നൽകൽ | 350000 (വികസന ഫണ്ട്- ജനറൽ) | 275000 | 83/7-3-22 | കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് |

തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 7/27-8-22 ന് മറുപടി ലഭ്യമായില്ല.

1-22 എസ്.സി കുടുംബനാഥകൾക്ക് വാട്ടർടാങ്ക് വിതരണം-കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിനെ ഒഴിവാക്കിയതിനെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

പ്രൊ. നം. 147/22-എസ്.സി കുടുംബനാഥകൾക്ക് വാട്ടർടാങ്ക് വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി
അടങ്കൽ- 800000 (എസ്.സി.പി-600000 + ഗുണഭോക്തൃ വിഹിതം - 200000)
തൻ വർഷത്തെ ചെലവ് - 509000 (SCP)
ബിൽ നം. 15/31-3-22

സബ്സിഡി മാർഗ്ഗരേഖ പ്രകാരം 75% വികസന ഫണ്ടും 25% ഗുണഭോക്തൃ വിഹിതവും വകയിരുത്തിയാണ് പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്.
പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനം നം. 1-2-22 ലെ തീരുമാനം നം. 6 പ്രകാരം GeM പോർട്ടലിൽ വാട്ടർ ടാങ്കുകൾ ലഭ്യമല്ലാത്തതിനാൽ ഓപ്പൺ ടെണ്ടർ മുഖേന വാങ്ങുവാൻ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്.
ISI മുദ്രയുള്ള 500 ലിറ്റർ ശേഷിയുള്ള വാട്ടർടാങ്ക് വിതരണത്തിനായി 19-2-22 ന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയും പ്രകാരം നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകളാണ് ലഭ്യമായത്.

1. PG Enterprises, Vellayur, Malappuram – 3177
2. South In Polymers, Vilayannur, Palakkad – 3249
3. Tritech Traders, Vazhuthakkad, Thiruvananthapuram – 3395
4. Victoria Polyform, Kaippulli, Thrissur - 3550

പ്രൊക്യൂർമെന്റ് കമ്മിറ്റി ടെണ്ടർ അംഗീകരിക്കുന്നതിൽ തീരുമാനങ്ങൾ ഒന്നുംതന്നെ എടുത്തിട്ടില്ല. ഭരണ സമിതിയുടെ തീരുമാനം നം. 11-3-22 ലെ 1(1) നം. തീരുമാനം പ്രകാരം മേൽ ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ PG Enterprises ന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.

അസി.സെക്രട്ടറിയുടെ 11-2-22 ലെ AS-1313/22 നം. കത്ത് പ്രകാരം ടെണ്ടർ അംഗീകാര വിവരം M/s. PG Enterprises നെ അറിയിക്കുകയും എഗ്രിമെന്റ് ഒപ്പുവയ്ക്കുവാനും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുവാനും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും പ്രതികരണമൊന്നും ഇല്ലാത്ത സാഹചര്യത്തിൽ അടുത്ത ടെണ്ടററെ സെലക്ട് ചെയ്ത വിവരം 16-3-22 ലെ കത്ത് പ്രകാരം സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത M/s.PG Enterprises എന്ന സ്ഥാപനം വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുവാൻ സാധിക്കുകയില്ല എന്ന് അറിയിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

തുടർന്ന്, 16-3-22 ലെ കത്ത് പ്രകാരം മൂന്നാമത്തെ താഴ്ന്ന നിരക്ക് ക്വോട്ട് ചെയ്ത M/s.Tritech Traders എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതായും എഗ്രിമെന്റ് ഒപ്പുവയ്ക്കുവാനും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുവാനും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

മൂന്നാമത്തെ ടെണ്ടററെ തെരഞ്ഞെടുക്കുന്നതിനായി പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണസമിതിയും തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല.
M/s. Tritech Traders എന്ന സ്ഥാപനം ക്വോട്ട് ചെയ്ത നിരക്ക് 3395 രൂപയാണ്.
Tritech Traders എന്ന സ്ഥാപനവുമായി ഒപ്പു വെച്ച എഗ്രിമെന്റിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല.
18-3-22 ന് അയച്ച കത്തിൽ 200 വാട്ടർ ടാങ്കുകൾ 25-3-22 ന മുമ്പായി സപ്ലൈ ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.
ഇൻവോയ്സ് നം. 97/19-3-22 പ്രകാരം 200 വാട്ടർ ടാങ്കുകളുടെ പദ്ധതി വിഹിതം 5,09,000 രൂപ തൻവർഷം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം തുടർ വർഷത്തിലാണ് അനുവദിച്ചിട്ടുള്ളത്.

മേൽ വാങ്ങലിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനം ടാങ്കുകൾ സപ്ലൈ ചെയ്യുവാൻ സാധിക്കുകയില്ലെന്ന് അറിയിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

2. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകുന്നതിനായി എടുത്ത പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണ സമിതി തീരുമാനങ്ങൾ എന്നിവ ഇല്ല.

3. ടെണ്ടർ ഉറപ്പിച്ച ശേഷം സ്ഥാപനം സാധനങ്ങൾ വിതരണം ചെയ്യാതിരുന്ന സാഹചര്യത്തിൽ റീടെണ്ടർ സാദ്ധ്യത പരിഗണിച്ചിട്ടില്ല. സ്ഥാപനവുമായി വിലപേശൽ നടത്തി വില കുറവു ചെയ്ത് സാമ്പത്തികമായ ലാഭം ഉറപ്പാക്കിയിട്ടുമില്ല.

നടപടിക്രമങ്ങളിലെ വീഴ്ച മൂലം 43,600/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുള്ളതായി വിലയിരുത്തുന്നു. ((200*3395) – (200*3177) = 6,79,000-6,35,400) അധികച്ചെലവു വന്നിട്ടുണ്ട്.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/30-8-22) മറുപടി ലഭ്യമാക്കിയിട്ടില്ല.
വിശദമായ മറുപടിയും ആവശ്യമായ രേഖകളും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആയവ ലഭ്യക്കുന്നതുവരെ 5,09,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് നടത്തിയില്ല

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പ്രൊജക്റ്റ് പ്രകാരം ബിൽ തുക അനുവദിച്ചപ്പോൾ നിയമാനുസൃത ജി.എസ് ടി ടി.ഡി.എസ് നടത്തിയിട്ടില്ലെന്ന് കണ്ടെത്തി.

പ്രൊജക്റ്റിന്റെ വിശദാംശം.
നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

| | |
|---|---|
| പ്രൊജക്റ്റ് | 15/22-അങ്കണവാടി പോഷകാഹാരം, ജനറൽ |
| അടങ്കൽ | 24,00,000<br>17,00,000(പൊതുവിഭാഗം)+7,00,000(കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 23,89,632<br>((17,00,000(പൊതുവിഭാഗം)+6,89,632(കേന്ദ്രാവിഷ്കൃതം)) |
